വയനാട്, പാലക്കാട് മേഖലകളിൽ ചികിത്സയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. കടുത്ത രോഗം ബാധിച്ചവരെ ആശുപത്രികളിൽ എത്തിക്കുന്നതിന് ആംബുലൻസ്/വാഹനസൗകര്യവും ചികിത്സയ്ക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവും നല്കുന്നുണ്ട്.

ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കണമെന്ന ആവശ്യം

10 (*442) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇപ്പോൾ ഇലക്ട്രോണിക് മീറ്ററുകൾ മാത്രമാണോ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു വർഷം ഇത്തരം എത്ര മീറ്ററുകൾ ബോർഡിന് ആവശ്യമായിട്ടുണ്ട് ;

(സി) ബോർഡിന്റെ ആവശ്യം കണക്കിലെടുത്ത് ഒരു ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഇപ്പോൾ പുതിയതായി വാങ്ങുന്ന ഇലക്ട്രോണിക് മീറ്ററുകളും റിപ്പയർ ചെയ്തു വരുന്ന ഇലക്ട്രോ-മെക്കാനിക്കൽ മീറ്ററുകളും ഉപയോഗിച്ചു വരുന്നു.

(ബി) ഒരു വർഷം എട്ടു ലക്ഷത്തോളം പുതിയ മീറ്ററുകൾ ആവശ്യമായി വരുന്നുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിലുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കൊല്ലം, ഇലക്ട്രോണിക് മീറ്ററും ഉണ്ടാക്കുന്നുണ്ട്. പുതിയ നിർമ്മാണ ശാല സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

നിയമനം നടത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ വ്യവസ്ഥകൾ

11 (*443) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ഒഴിവുണ്ടാകുമ്പോൾ നിയമനം നടത്തുന്നതു സംബന്ധിച്ച് ബോർഡ് പുതിയ വ്യവസ്ഥകൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇനി ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവുകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴിവുകളുണ്ടാകുമ്പോൾ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഉണ്ടായിരിക്കെ ബോർഡ് താൽക്കാലിക നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും അതേ ഉത്തരവിൽകൂടിതന്നെ പിരിച്ചുവിടുകയും ചെയ്ത നടപടി ബോർഡിൽ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്രപേരെ നിയമിച്ച ഉടൻ പിരിച്ചുവിടുകയുണ്ടായി ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഉണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	-	114
ജൂനിയർ അസിസ്റ്റന്റ് /ക്യാഷ്യർ	-	291
ഡ്രൈവർ	-	185

ഈ മൂന്ന് കാറ്റഗറികളിൽ ഇത്രയും പേർക്ക് ഹൈക്കോടതി ഉത്തരവുപ്രകാരം നാഷണൽ അപ്പോയിന്റ്മെന്റ് നൽകിയശേഷം വേക്കൻസിയുടെ അഭാവം കൊണ്ട് റീട്രെത്ത് ചെയ്യുകയുണ്ടായി.

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് നടപടി

12 (*444) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ സന്ദർശനത്തിനെത്തുന്ന വിനോദസഞ്ചാരികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം വിശദമാക്കുമോ ;

(സി) ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly